ഉത്തരം

(എ) ഉണ്ട്.

(ബി) 1996 മാർച്ച് മാസം 1-ാം തീയതി.

(സി) കല്ലിടുന്നതിനുമുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നില്ല. കരാർ ആരെയും ഏല്പിച്ചതുമില്ല.

(ഡി) ഇല്ല. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം എത്രയുംവേഗം തുടങ്ങാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുൻപായി തറക്കല്ലിട്ടത്.

155 (1376) തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ പണി സംബന്ധിച്ച അനന്തരനടപടികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷന്റെ ആർക്കിടെക്ചറൽ ഡ്രായിംഗ് പൂർത്തീകരിച്ച് ഡ്രിക് ബോർഡിലേക്ക് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി കൊടുത്തിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ കിട്ടിയാലുടനെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

156 (1377) കോഴിക്കോട് പുതിയ ബസ്സ്റ്റാന്റിനടുത്ത് സ്ളാബ് പൊടിഞ്ഞു വീണ സംഭവം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ പുതിയ ബസ്സ്റ്റാന്റിനടുത്ത് സ്ളാബ് പൊടിഞ്ഞ് വിണ് ആളുകൾ അഴുക്ക് ചാലിൽ വീണ് പരിക്ക് പറ്റിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ളാബ് പൊടിഞ്ഞ് വീഴുവാൻ കാരണമെന്താണെന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) പരിശോധനയിൽ വെളിവായ വിവരങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ഡി) പരിശോധിച്ചിട്ടില്ലെങ്കിൽ എന്ത് കാരണത്താലാണ് പരിശോധിക്കാതിരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) വർഷങ്ങൾക്ക് മുൻപ് പണിത പഴകിയതും ദ്രവിച്ചതുമായ സ്ളാബുകളാണ് പൊടിഞ്ഞുവീണത്. മുൻപ് ഓവുചാൽ മൂടാൻമാത്രം നിർമ്മിച്ചവയാണ് ഇവ. ഇവയുടെ നിർമ്മാണ സമയത്ത് മാവൂർ റോഡ് ഇന്നത്തെയത്ര വികസിച്ചിട്ടില്ല. റോഡ് വികസിക്കപ്പെട്ടപ്പോൾ നിരപ്പിലും വീതിയിലും

LIBRARY ARCHIVES Kerala Legislative Assembly